"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീമതി സ്വപ്ന സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.548/2026/AGRI തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-

1. നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 19.04.2023-ലെ 1/2023/46241 നമ്പർ നടപടിക്രമം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.12.2023-ലെ DCTVPM/4966-2023-B16 നമ്പർ നടപടിക്രമം.
3. റവന്യൂ വകുപ്പ് മുഖേന ലഭ്യമായ ശ്രീമതി സ്വപ്നയുടെ 24.10.2024-ലെ റിവിഷൻ ഹർജി.
4. കരകുളം കൃഷി ഓഫീസറുടെ 09.02.2026-ലെ കെ.എൽ.എം-16/2025-26 നമ്പർ റിപ്പോർട്ട്.
5. നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 11.02.2026-ലെ RDO-NDD/637/2023-G3 നമ്പർ റിപ്പോർട്ട്.
6. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18.02.2026-ലെ DCTVM/4966/2023-B16 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ല നെടുമങ്ങാട് താലൂക്കിൽ വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് 33-ൽ റീസർവ്വേ നം. 331/13-ൽപ്പെട്ട 11.20 ആർസ് ഭൂമി സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ശ്രീമതി സ്വപ്ന സമർപ്പിച്ച അപേക്ഷ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 27എ പ്രകാരം നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർ നിരസിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിനെതിരെ ടിയാൾ വകുപ്പ് 27ബി പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും, കളക്ടർ പരാമർശം (2) അപ്പീൽ നിരസിക്കുകയും ചെയ്തു. ആയതിനെതിരെ ടിയാൾ പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം കരകുളം കൃഷി ഓഫീസർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

പ്രസ്തുത സ്ഥലം സന്ദർശിച്ചതിലും, മുൻ റിപ്പോർട്ടുകൾ പരിശോധിച്ചതിലും ടി സ്ഥലം (വട്ടപ്പാറം വില്ലേജ്, ബ്ലോക്ക് നം.33, സർവ്വേ നം.331/13) കരകുളം ഗ്രാമപഞ്ചായത്തിന്റെ

പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല. ടി സ്ഥലം രണ്ട് ഭാഗം കരിങ്കല്ല് കെട്ടി ഉയർത്തി അതിർത്തി തിരിച്ച സ്ഥലമാണ്. ബാക്കി ഭാഗം ചുറ്റമതിൽ കെട്ടിയ അതിർത്തിയുമാണ്. ടി സ്ഥലത്ത് ഏതാണ്ട് 40 വർഷത്തിലേറെ പ്രായം മതിക്കുന്ന 9 തെങ്ങുകളും 2 മഹാഗണി വൃക്ഷങ്ങളും സ്ഥിതി ചെയ്യുന്നുണ്ട്. വസ്തുവിൽ നീർച്ചാലുകൾ ഒന്നും നിലവിൽ കാണുന്നില്ല. സമീപ വസ്തുക്കളും സമാന സ്വഭാവത്തിലുള്ളതാണ്. അതിർത്തിയായി ചുറ്റമതിൽ ഉള്ള ഭാഗത്ത വസ്തുക്കളിൽ രണ്ട് കോൺക്രീറ്റ് കെട്ടിടങ്ങളുണ്ട്. വസ്തുവിന്റെ പരിസരങ്ങളിലോ, സമീപ പ്രദേശങ്ങളിലോ നെൽകൃഷി ചെയ്യുന്നില്ല. ടി സ്ഥലം പരിവർത്തനപ്പെടുത്തിയതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത്. നിലവിൽ കളകളും, പുല്ലും വളർന്ന് മൂടിയ നിലയിലുള്ള വസ്തുവിൽ സാധ്യമായിടത്തെ പരിശോധനയിൽ കുറച്ച് കാലം മുമ്പ് മണ്ണിട്ടിട്ടുള്ളതായി മനസ്സിലാകുന്നു.

3. നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർ പരാമർശം (5) പ്രകാരം ചുവടെ ചേർക്കുന്ന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

വട്ടപ്പാറ വില്ലേജിൽ ബ്ലോക്ക് 33-ൽ റീസർവ്വേ 331/13-ൽ ഉൾപ്പെട്ട 11.20 ആർസ് നിലം തരം മാറ്റുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ആയതിന്മേൽ വട്ടപ്പാറ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയതിൽ അപേക്ഷ സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എന്നും കരിങ്കൽ കെട്ടി നികന്നതും വെറും തറയായി കിടക്കുന്നതായും എന്നാൽ പുതിയ മണ്ണിട്ട് നിലം നികത്തിയതിന് 2015-ൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും അപേക്ഷ നിരസിക്കാമെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിരസിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്മേൽ അപേക്ഷക ബഹു.ജില്ലാ കളക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് ശരിവച്ചുകൊണ്ട് അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

4. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 11.02.2026-ന് കൃഷി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തവർ ചുവടെ ചേർക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

(i) ഹർജിക്കാരിയും ഭർത്താവും:

സർവ്വേ നമ്പർ 331/13-ൽപ്പെട്ട സ്ഥലം തരം മാറ്റുന്നതിന് ഫോം 6-ൽ അപേക്ഷ നൽകി. റവന്യൂ ഡിവിഷണൽ ഓഫീസർ നിരസിച്ചു. ജില്ലാ കളക്ടർക്ക് അപ്പീൽ നൽകി എങ്കിലും അതും നിരസിച്ചു. 2008-ന് മുമ്പ് നികന്ന ഭൂമിയാണെന്ന് KSREC റിപ്പോർട്ടിൽ ഉണ്ട് ആയത് പരിശോധിച്ചിട്ടില്ല. നാലു ചുറ്റും വീട് ആണ്. നികന്ന ഭൂമിയാണ് ഒരു സൈഡ് പഞ്ചായത്ത് റോഡ് ആണ്.

(ii) റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഓഫീസിൽ നിന്നും സൂപ്രണ്ട്:

2023 ലഭിച്ച ഫോം 6 അപേക്ഷയിന്മേലുള്ള വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിൽ ടി അപേക്ഷ നൽകുന്നതിന് മുമ്പ് തന്നെ ടി ഭൂമിയിൽ പുതിയ മണ്ണ് നിക്ഷേപിച്ച് നികത്തിയതായി കണ്ടതിനാൽ 19.04.2023-ൽ നിരസിച്ചു. ജില്ലാ കളക്ടർ അപ്പീലും നിരസിച്ചു.

(iii) ജില്ലാ കളക്ടർക്കു വേണ്ടി ഡെപ്യൂട്ടി കളക്ടർ (എൽ.ആർ):

2008-ന് ശേഷം മണ്ണിട്ടതായി റിപ്പോർട്ട് ലഭ്യമായത് കൊണ്ടാണ് അപ്പീൽ നിരസിച്ചത്. 2008-ന് മുമ്പ് നികന്നിട്ടുള്ളതല്ല. എന്നാൽ തൊട്ടു ചേർന്ന ഭൂമി 331/17 തുടങ്ങിയവ പരിവർത്തനം

നടന്നിട്ടുള്ളവയാണ്.

(iv) കൃഷി ഓഫീസർ:

ഹർജി ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥല പരിശോധനയിൽ 2 അതിരുകൾ കരിങ്കൽ ഭിത്തിയുള്ളതായും 2 അതിരുകളിൽ മതിൽ ഉള്ളതായും കാണുന്നു. വളരെ പ്രായമുള്ള തെങ്ങുകളും മഹാഗണി മരം എന്നിവ കാണപ്പെടുന്നു. സമീപ കാലത്ത് മണ്ണിട്ടതായി മനസ്സിലാകുന്നു. ബാക്കി ഭാഗം കാട് പിടിച്ച് കിടക്കുന്നു.

5. മേൽ റിപ്പോർട്ടുകളുടേയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ടി സ്ഥലം (വട്ടപ്പാറ വില്ലേജ്, ബ്ലോക്ക് നം.33, സർവ്വേ നം. 331/13) കരകുളം ഗ്രാമപഞ്ചായത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ടി സ്ഥലം രണ്ട് ഭാഗം കരിങ്കല്ല് കെട്ടി ഉയർത്തി അതിർത്തി തിരിച്ച സ്ഥലമാണ്, ബാക്കി ഭാഗം ചുറ്റുമതിൽ കെട്ടിയ അതിർത്തിയുമാണ് എന്നും ടി സ്ഥലത്ത് ഏതാണ്ട് 40 വർഷത്തിലേറെ പ്രായം മതിക്കുന്ന 9 തെങ്ങുകളും 2 മഹാഗണി വൃക്ഷങ്ങളും സ്ഥിതി ചെയ്യുന്നുണ്ട് എന്നും വസ്തുവിൽ നീർച്ചാലുകൾ ഒന്നും നിലവിൽ കാണുന്നില്ലായെന്നും സമീപ വസ്തുക്കളും സമാന സ്വഭാവത്തിലുള്ളതാണെന്നും അതിർത്തിയായി ചുറ്റുമതിൽ ഉള്ള ഭാഗത്ത വസ്തുക്കളിൽ രണ്ട് കോൺക്രീറ്റ് കെട്ടിടങ്ങളുണ്ടെന്നും വസ്തുവിന്റെ പരിസരങ്ങളിലോ, സമീപ പ്രദേശങ്ങളിലോ നെൽകൃഷി ചെയ്യുന്നില്ലായെന്നും കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ ശ്രീമതി സ്വപ്ന സമർപ്പിച്ച ഫോം.6 അപേക്ഷയിന്മേലുള്ള അപ്പീൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് ഉചിതമായ ഉത്തരവ് നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും, ശ്രീമതി സ്വപ്ന സമർപ്പിച്ച പരാമർശം (3) റിവിഷൻ ഹർജി അപ്രകാരം തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദേവി എൽ ആർ
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി സ്വപ്ന, വി.പി.മന്ദിരം, തോന്നക്കൽ പി.ഒ., മംഗലപുരം, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, തിരുവനന്തപുരം.
3. റവന്യൂ ഡിവിഷണൽ ഓഫീസർ, നെടുമങ്ങാട്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം.
5. കൃഷി ഓഫീസർ, കരകുളം, തിരുവനന്തപുരം.
6. വില്ലേജ് ഓഫീസർ വട്ടപ്പാറ, തിരുവനന്തപുരം.
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.NCA2/282/2025-AGRI)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

Signed by
Archana B P
Date: 16-06-2026 22:32:12